# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1625 | 10/03/2020-ൽ മറുപടിക്ക് |
|---|---|

## സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർ നടത്തുന്ന പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ പി.എസ്.സി. പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ നടത്തുന്നതായുള്ള പരാതിയിൽ അന്വേഷണം നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ പി. എസ്. സി പരീക്ഷാ പരിശീലന കേന്ദ്രങ്ങൾ നടത്തുന്നുണ്ട് എന്ന പരാതിയിന്മേൽ വി.ഇ. 1/2020/എസ്.ഐ.യു.2 നമ്പരായി ഒരു വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അന്വേഷണത്തിന്റെ ഭാഗമായി ഏതെല്ലാം ഉദ്യോഗസ്ഥരെ ചോദ്യം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | അന്വേഷണത്തിന്റെ ഭാഗമായി ചോദ്യം ചെയ്ത ഉദ്യോഗസ്ഥരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.<br>1) ഗവൺമെന്റ് സെക്രട്ടേറിയറ്റ് ജീവനക്കാരനും കേരളാ മുന്നാക്ക സമുദായ കോർപ്പറേഷൻ ജനറൽ മാനേജരുമായ ശ്രീ. രഞ്ജൻ രാജ്. ആർ. പി.<br>2) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സീനിയർ അസിസ്റ്റന്റ് ശ്രീ ഷിബു. കെ. നായർ.<br>3) വെഞ്ഞാറമൂട് ഫയർ സ്റ്റേഷനിൽ ജോലി നോക്കിവരുന്ന ഫയർ ആൻഡ് റെസ്ക്യൂ ഓഫീസർ ഡ്രൈവർ 2701 ശ്രീ. സുമേഷ്. ജി. കെ.<br>4) നിയമസഭ ഹോസ്റ്റൽ എസ്റ്റാബ്ലിഷ്മെന്റ് അമിനിറ്റി അസിസ്റ്റന്റ് ശ്രീ രാജേന്ദ്ര പ്രസാദ്.<br>5) കെ. എസ്. എഫ്. ഇ ബാലരാമപുരം ബ്രാഞ്ചിലെ ജൂനിയർ അസിസ്റ്റന്റ് ശ്രീ ജഗദീഷ് കുമാർ.<br>6) അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് ശ്രീ. സുധി.<br>7) തിരുവനന്തപുരം എം. എ. സി. റ്റി -യിൽ ലോവർ ഡിവിഷൻ ക്ലാർക്കായ ശ്രീമതി. വന്ദന. ജെ. എസ്. |
| (സി) | സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ പി.എസ്.സി. ക്ലാസ്സുകൾ എടുക്കുന്നുണ്ടെന്നാണ് വ്യക്തമായിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | തിരുവനന്തപുരം നഗരത്തിൽ പ്രവർത്തിക്കുന്ന ലക്ഷ്യ, വീറ്റോ എന്നീ സ്ഥാപനങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ ക്ലാസ്സുകൾ എടുക്കുന്നതായി പ്രാഥമികമായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് കൂടുതൽ അന്വേഷണം നടന്നുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥർ പരിശീലനകേന്ദ്രങ്ങളിൽ ക്ലാസ്സ് എടുക്കാൻ എത്തിയതിന് തെളിവുകൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കേരളാ മുന്നാക്ക സമുദായ കോർപ്പറേഷൻ ജനറൽ മാനേജരും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ ജീവനക്കാരനുമായ ശ്രീ. രഞ്ജൻ രാജ്. ആർ. പി.-യ്ക്ക് സർക്കാർ ഉത്തരവ് (സാധാ)നം. 8677/2014/പൊ.ഭ.വ തീയതി 12.11.2014 പ്രകാരം കേരള സർക്കാരിന്റെ 1960-ലെ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ട നിയമത്തിലെ 48, 62, 63 എന്നീ റൂളുകൾ പ്രകാരം ഔദ്യോഗിക ചുമതലയ്ക്ക് വീഴ്ച വരുത്താതെയും, യാതൊരു പ്രതിഫലവും കൈപ്പറ്റാതെയും, മത്സര പരീക്ഷകൾക്ക് വേണ്ടി സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നതിനും പ്രസിദ്ധീകരണങ്ങളിൽ ലേഖനങ്ങൾ എഴുതുന്നതിനും അനുമതി ലഭിച്ചിട്ടുള്ളതായും ടിയാൻ വീറ്റോ എന്ന സ്ഥാപനത്തിൽ സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്.<br><br>ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ സീനിയർ അസിസ്റ്റന്റ് ശ്രീ. ഷിബു. കെ. നായർക്ക് 25.07.2014 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.5916/2014/ജി.എ.ഡി പ്രകാരം 25.07.2014 മുതൽ 24.07.2016 വരേയും, 22.07.2016 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.4713/2016/ജി.എ.ഡി പ്രകാരം 25.07.2016 മുതൽ 24.07.2018 വരേയും, 09.07.2018 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)നം.4519/2018/ജി.എ.ഡി പ്രകാരം 25.07.2018 മുതൽ 24.07.2020 വരേയും ഇന്ത്യക്കകത്ത് മെച്ചപ്പെട്ട ജോലി നോക്കുന്നതിന് കെ. എസ്. ആർ ഭാഗം I Appendix XII A പ്രകാരം ശൂന്യവേതനാവധി അനുവദിച്ചിട്ടുള്ളതായും ലക്ഷ്യ എന്ന സ്ഥാപനത്തിൽ പി. എസ്. സി പരീക്ഷാ പരിശീലന ക്ലാസ്സ് കൈകാര്യം ചെയ്യുന്നതായും അറിവായിട്ടുണ്ട്. ഉത്തരവുകൾ റദ്ദാക്കുന്നകാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ